LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി - പദ്ധതിയേതര ഇനങ്ങളിലായി ചെലവഴിച്ച തുക

282 (629) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ 4 വർഷത്തിനിടയിൽ പട്ടികവർഗ്ഗക്ഷേമ വകുപ്പ് ഓരോ വർഷവും പദ്ധതി-പദ്ധതിയേതര ഇനങ്ങളിലായി എത്ര തുക വീതം ചെലവഴിച്ചുവെന്ന വിശദമാക്കുമോ ?

ഉത്തരം

വർഷം	പദ്ധതി ഇനത്തിൽ ചെലവഴിച്ച തുക	പദ്ധതിയേതര ഇനത്തിൽ ചെലവഴിച്ച തുക
2011-12	3,98,11,075	1,46,56,124
2012-13	2,47,99,455	1,61,29,954
2013-14	4,30,35,172	1,80,64,301
2014-15	5,35,53,824	1,93,00,019

പട്ടികവർഗ്ഗ ഭവന നിർമ്മാണ പാക്കേജ്

283 (631) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗത്തിന് ഭവന നിർമ്മാണത്തിന് പണം നൽകിയെങ്കിലും വിവിധ കാരണങ്ങളാൽ വീട് പണിയാൻ കഴിയാത്ത കുടുംബങ്ങളുള്ള കാര്യം അറിയുമോ ;

(ബി) എങ്കിൽ അത്തരം ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കി പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?